# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3344 — 11/05/2017-ൽ മറുപടിക്ക്

### കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതോത്പാദന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയ്ക്ക് സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായോ ഇതരസംസ്ഥാനങ്ങളുമായോ എന്തെങ്കിലും ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) & (ബി) | ഒരു താപനിലയം സ്ഥാപിക്കുമെന്നുള്ളത് സർക്കാരിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ള പ്രകടന പത്രികയിൽ ഉൾക്കൊള്ളിച്ച വിഷയമാണ്. താപനിലയത്തിന്റെ ഇന്ധനായി കൽക്കരി ഉപയോഗപ്പെടുത്തണമോ മറ്റെന്തെങ്കിലും ഇന്ധന സാധ്യതയുണ്ടോ എന്നത് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. ബൈതരണി കൽക്കരി പ്പാടത്തിന് തന്ന അനുമതി അസാധുവായതിനെത്തുടർന്ന് ഈ വിഷയത്തിലുള്ള ചർച്ചകൾ സജീവമല്ല.<br>ചീമേനിയിൽ കൽക്കരി ഉപയോഗിച്ച് (3x660=1980MW) പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട സാദ്ധ്യതാ പഠനം പൂർത്തിയാക്കി DPR (Detailed Project Report) 2010- ൽ തയ്യാറാക്കിയിരുന്നു. അതിൽ 2016 മുതൽ 25 വർഷം വരെയുള്ള പ്രവർത്തന കാലഘട്ടത്തിലേയ്ക്കുള്ള ലെവലൈസ്ഡ് താരിഫ് കണക്കാക്കിയിട്ടുള്ളത് 3.30/ unit ആണ്. |
| (ബി) | പ്രസ്തുത പദ്ധതിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇത് എത്രത്തോളം ലാഭകരമാണ്; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ